**K23U 2251**

Reg. No.: ...............................

Name : ...................................

**V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023**
**(2019-2021 Admissions)**
**CORE COURSE IN MALAYALAM**
**5B09 MAL : സംസ്കാരപഠനവും സാഹിത്യവും**

Time : 3 Hours　　　　Max. Marks : 40

**രണ്ട്** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1. 'സാംസ്കാരികഘടകങ്ങളെ മുൻനിർത്തി സാഹിത്യനിരൂപണവും കലാനിരൂപണവും നടത്തുന്ന പഠനപദ്ധതിയാണ് സംസ്കാര പഠനം'. വ്യക്തമാക്കുക.

2. 'സാഹിത്യത്തെ സാംസ്കാരികമായി പഠിക്കുന്ന സമീപനരീതിയാണ് സംസ്കാര പഠനം സ്വീകരിച്ചത് '. പൂവനും ഓറഞ്ചും എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

3. 'മാതൃത്വം, സ്ത്രൈണത എന്നീ സങ്കൽപ്പങ്ങളാണ് മുലകുടി എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നത് '. വിമർശനാത്മകമായി വിലയിരുത്തുക.

4. ജനപ്രിയസംസ്കാര പഠനം എന്നാലെന്ത് ? അത് സാഹിത്യപഠനത്തിലും സമീപനത്തിലും കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാം ?

**150** വാക്കിൽ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5. സംസ്കാരപഠനത്തിന് ബർമിംഗ് ഹാം സർവ്വകലാശാലയിലെ സെന്റർ ഫോർ കണ്ടെമ്പററി കൾച്ചറൽസ്റ്റഡീസ് നൽകിയ സംഭാവനകൾ എന്തെല്ലാം ?

6. റിംഗ്-കോളർ ടോണുകളെ സാംസ്കാരിക പ്രകടനങ്ങളായി കാണുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം ? വിശദീകരിക്കുക.

7. കാഴ്ചയെ സ്വാധീനിക്കുന്ന സാംസ്കാരിക ഘടകങ്ങളെ അടിസ്ഥാനമാക്കി വീണപൂവിനെ വിശകലനം ചെയ്യുന്ന പഠനമാണ് 'വീണപൂവും കാഴ്ചയുടെ പ്രത്യയശാസ്ത്രവും'. വ്യക്തമാക്കുക.

P.T.O.



8. 'ദളിത് ജീവിതത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും തീവ്രമായി ആവിഷ്ക്കരിക്കുന്ന കഥയാണ് കാവൽഭൂതം'. വിലയിരുത്തുക.

9. പൂവൻപഴം എന്ന ശീർഷകം കഥയ്ക്ക് നൽകുന്ന അർത്ഥതലങ്ങൾ എന്തെല്ലാം ? പൂവനും ഓറഞ്ചും എന്ന ലേഖനത്തിലെ അഭിപ്രായത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

10. നവോത്ഥാനത്തിലൂടെ മാറിവന്ന കാഴ്ചയുടെ സ്വഭാവമാണ് വീണപൂവ് പങ്കുവെക്കുന്നതെന്ന അഭിപ്രായത്തിന് കാരണമെന്ത് ? പരിശോധിക്കുക.

**100** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11. 'സംസ്കാരം സാധാരണമാണ്' എന്ന സങ്കൽപ്പനത്തിന്റെ പ്രസക്തിയും പ്രാധാന്യവും വിശദീകരിക്കുക.

12. ഉദാത്തസാഹിത്യം, പൈങ്കിളി സാഹിത്യം എന്നീ വേർതിരിവുകളെ അപ്രസക്തമാക്കുന്ന സമീപനരീതിയാണ് സംസ്കാരപഠനം സ്വീകരിച്ചത്. വ്യക്തമാക്കുക.

13. സംസ്കാരപഠനത്തിന്റെ അടിസ്ഥാന ധാരണകളാണ് വീണപൂവ് കാഴ്ചയുടെ പ്രത്യയശാസ്ത്രം എന്ന പഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്. വിശദീകരിക്കുക.

14. 'പൂവൻപഴ'ത്തിന്റെ വ്യത്യസ്തമായ അർത്ഥങ്ങളെ കണ്ടെത്തിക്കൊണ്ട് കഥയെ പഠിക്കുന്ന ലേഖനമാണ് പൂവനും ഓറഞ്ചും. വ്യക്തമാക്കുക.

15. മൊബൈൽ ഫോണുകൾ ബഹുരാഷ്ട്രകുത്തകകളുടെ പരസ്യ പ്രചരണമായി മാറുന്നതെങ്ങനെ ? വിശദമാക്കുക.

16. റിംഗ് ടോണും കോളർ ടോണും തെരഞ്ഞെടുക്കുമ്പോൾ ഫോണുടമ അറിഞ്ഞോ അറിയാതെയോ അയാളെ സ്വയം നിർവ്വചിക്കുകയാണ് എന്ന അഭിപ്രായത്തിന് കാരണമെന്ത് ? പരിശോധിക്കുക.

ഏതെങ്കിലും **നാലെണ്ണ**ത്തിന് കുറിപ്പെഴുതുക. **(4×1.5=6)**

17. റിച്ചാർഡ് ഹോഗാർട്ട്
18. സോഷ്യൽ മീഡിയ
19. ജനപ്രിയസംസ്കാരം
20. റെയ്മണ്ട് വില്യംസ്
21. സംസ്കാരം
22. ഇ. പി. രാജഗോപാലൻ.

---